# കോക്കനട്ട് മിഷൻ: കൃഷിമന്ത്രി ചെയർമാനാവും

## കമ്യൂണിറ്റി റേഡിയോ ആദ്യം കുട്ടനാട്ടിൽ

**തൃശ്ശൂർ ▸** നാളികേരത്തിന്റെ സമഗ്രവികസനത്തിനായി കൃഷിമന്ത്രി ചെയർമാനായി കോക്കനട്ട് മിഷൻ ഉടൻ രൂപവത്കരിക്കും. കർഷകകേന്ദ്രീകൃതമായ രീതിയിലായിരിക്കും മിഷന്റെ പ്രവർത്തനമെന്ന് കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ പത്രസമ്മേളനത്തിൽ പറഞ്ഞു.

കർഷകപ്രതിനിധികൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനി പ്രതിനിധികൾ എന്നിവരും ഇതിൽ അംഗങ്ങളായിരിക്കും. നാളികേരത്തിന് 10 വർഷത്തെ സമഗ്ര വികസനപദ്ധതിയാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടം 2018-2021 കാലയളവിൽ നടപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

ഫാം ഇൻഫർമേഷൻ ബ്യൂറോയുമായി സഹകരിച്ച് കൃഷിവകുപ്പ് ആരംഭിക്കുന്ന കമ്യൂണിറ്റി റേഡിയോ പദ്ധതി കുട്ടനാട്ടിൽ ആദ്യം നടപ്പാക്കും. തുടർന്ന് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കും.

കാർഷികോത്പന്നങ്ങളുടെ മൂല്യവർധന, വിപണനം എന്നിവയ്ക്കുകൂടി ശ്രദ്ധ കൊടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. മൂല്യവർധനയ്ക്ക് ഈ വർഷം 27 കോടി രൂപയുടെ പദ്ധതികൾക്ക് ധനവകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായാണ് വൈഗ-2017 കാർഷികമേള സംഘടിപ്പിച്ചത് -മന്ത്രി പറഞ്ഞു.

## 66 സാങ്കേതിക വിദ്യകൾ കർഷകരിലേക്ക്

**തൃശ്ശൂർ ▸** കേരള കാർഷിക സർവകലാശാല വികസിപ്പിച്ച 66 സാങ്കേതികവിദ്യകൾ പുറത്തിറക്കി. ഇവയെല്ലാം ഇനി ആത്മ പദ്ധതി വഴി കർഷകർക്ക് ലഭ്യമാക്കും. ഇവയിൽ നാലെണ്ണം തൃശ്ശൂരിൽ നടന്ന വൈഗ അന്താരാഷ്ട്ര കാർഷികമേളയുടെ സമാപനച്ചടങ്ങിൽ കർഷകർക്ക് കൈമാറി. നേന്ത്രപ്പഴത്തിൽനിന്ന് മൂല്യവർധിതവസ്തുക്കൾ നിർമിക്കുന്ന സാങ്കേതികവിദ്യകളാണ് കൈമാറിയത്.

ബാക്കിയുള്ളവ സൗജന്യമായി കർഷകരിലേക്കെത്തിക്കും.

കർഷകർക്കുള്ള പുതിയ ഉപകരണങ്ങൾ, സങ്കരവിളയിനങ്ങൾ, വളക്കൂട്ടുകൾ, കീടനാശിനികൾ തുടങ്ങിയവയെല്ലാം ഇക്കൂട്ടത്തിലുണ്ട്. ഇതാദ്യമായാണ് ഒരു സർവകലാശാല ഇത്രയധികം സാങ്കേതികവിദ്യകൾ ഒരുമിച്ച് പുറത്തിറക്കുന്നത്.

## വൈഗ-2017 സമാപിച്ചു

**തൃശ്ശൂർ ▸** അഞ്ചുദിവസത്തെ അന്താരാഷ്ട്ര കാർഷികമേളയായ വൈഗ-2017 സമാപിച്ചു. കേരള കാർഷിക സർവകലാശാലാ അങ്കണത്തിൽ നടന്ന സമാപന സമ്മേളനം സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

കൃഷിമന്ത്രി വി.എസ്. സുനിൽകുമാർ അധ്യക്ഷനായി. വ്യവസായമന്ത്രി എ.സി. മൊയ്തീൻ പുരസ്കാരവിതരണം നടത്തി. കാർഷിക സർവകലാശാലയുടെ പുതിയ സാങ്കേതികവിദ്യകളുടെ കൈമാറ്റം സി.എൻ. ജയദേവൻ എം.പി. നിർവഹിച്ചു.

മേയർ അജിതാ ജയരാജൻ, എം.എൽ.എ.മാരായ മുരളി പെരുനെല്ലി, കെ. രാജൻ, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, കേരള കാർഷിക സർവകലാശാലാ വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു തുടങ്ങിയവർ പങ്കെടുത്തു.

Mathrubhumi 01.01.18